Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 40 | 2018 സെപ്റ്റംബർ 23 | 1194 കന്നി 7

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org / തിരുവനന്തപുരം റൂറൽ

### ഗുരുവാണി

"വിനയം സത്യത്തിലെത്തിച്ചാൽ സത്യം ഗുരുവിലെത്തിക്കും. ഗുരു ദൈവത്തിൽ എത്തിക്കും. നിങ്ങളെല്ലാവരും സത്യത്തിന്റെ പ്രവർത്തകരായിത്തീരാൻ ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും വേണം."

# പൂർണ്ണ കുംഭമേളയ്ക്ക് ഭക്തിനിർഭരമായ സമർപ്പണം

**സ്പിരിച്വൽ സോൺ:** ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ ഈ വർഷത്തെ പൂർണ്ണ കുംഭമേള സെപ്റ്റംബർ 20ന് (1194 കന്നി നാല്) ആശ്രമത്തിൽ നടന്നു. വർഷങ്ങൾക്കു മുമ്പ് ഒരു കന്നി മാസം നാലാം തീയതി ഗുരുവിങ്കൽ ആർജ്ജിതമായ പൂർണ്ണ ധന്യതയുടെ അവകാശമായി പരമ്പരയ്ക്ക് ബ്രഹ്മകാരുണ്യത്താൽ ദാനം ചെയ്യപ്പെട്ട വ്രതശുദ്ധിയുടെയും അർപ്പണത്തിന്റെയും സാഫല്യത്തിന്റെ ശാശ്വതസ്മരണ, ആദരാതിശയത്തോടെ ഗുരുവിശ്വാസികൾ അനുസ്മരിച്ചു. പൂർണ കുംഭമേള ദിവസമായ വ്യാഴാഴ്ച രാവിലെ മുതൽ പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങൾ ഉണ്ടായിരുന്നു. രാവിലെ അഞ്ചുമണിക്ക് പർണശാലയിൽ സന്ന്യാസിസന്ന്യാസിനിമാരുടെയും ബ്രഹ്മചാരികളുടെയും നിയുക്തരായ എഴുപത്തിരണ്ട് പേരുടെയും പ്രത്യേക പുഷ്പാഞ്ജലി, തുടർന്ന് ധ്വജാരോഹണം, പുഷ്പസമർപ്പണം എന്നിവ നടന്നു. ഉച്ചയ്ക്ക് ഗുരുദർശനവും ഗുരുപാദവന്ദനവും, വിവിധ സമർപ്പണങ്ങളും വൈകുന്നേരം ആറുമണിയോടെ കുംഭഘോഷയാത്രയും നടന്നു.

യജ്ഞശാലയിൽ നിന്നാരംഭിച്ച കുംഭഘോഷയാത്ര സ്പിരിച്വൽ സോൺ വലംവച്ച് നാലാം നമ്പർ ഗേറ്റിലൂടെ പ്രധാനവീഥിയിൽ പ്രവേശിച്ച് കരുണ ശുദ്ധജലം റിസർവോയറിനു മുന്നിലൂടെ ആശ്രമത്തിനു മുന്നിലെത്തി മൂന്നാം നമ്പർ ഗേറ്റിലൂടെ സ്പിരിച്വൽ സോണിൽ തിരിച്ചെത്തി ഗുരുപാദത്തിൽ സമർപ്പിച്ചു.

ഘോഷയാത്രയിൽ മുത്തുക്കുടകൾ, നാദസ്വരം എന്നിവ കുംഭത്തിന് അകമ്പടിയായി. ദീപം, ധൂപം, അഷ്ടഗന്ധം, ചന്ദനത്തിരി എന്നിവയാൽ സുഗന്ധപൂരിതമായ അന്തരീക്ഷത്തിൽ ആശ്രമസമുച്ചയം വലംവച്ച് ഗുരുസന്നിധിയിൽ ബ്രഹ്മസങ്കല്പത്തിൽ കുംഭം സമർപ്പിച്ചതോടുകൂടി കുംഭമേള പൂർണ്ണമായി. ആശ്രമത്തിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ആഭിമുഖ്യത്തിൽ സ്പിരിച്വൽ സോണിൽ ആശ്രമ കുംഭത്തിന് സ്വീകരണം നല്കി.



*പൂർണ്ണ കുംഭമേള ഘോഷയാത്രയിൽ നിന്ന്*

യുഗാന്തരങ്ങളായി ബ്രഹ്മനിശ്ചയം പുലർത്തിവന്ന കാരുണ്യപൂർണ്ണമായ ഇച്ഛയുടെ സാഫല്യത്തിന്റെ നിത്യസ്മാരകമാണിത്. ഇരുപത്തഞ്ച് ചതുർയുഗങ്ങൾക്കുമുമ്പ് ആത്മീയരംഗത്ത് സംഭവിച്ചുപോയ ഒരു തെറ്റും അതിന്റെ ഫലമായി ശാപഗ്രസ്തമായ മനുഷ്യജീവിതപരമ്പരകളും തിരുത്തിന്റെയും വിമോചനത്തിന്റെയും മാർഗത്തിൽ സുനിശ്ചിതമായി പ്രവേശിക്കുന്നതിന്റെ മംഗളമുഹൂർത്തമാണ് കന്നി നാലിന് കുറിക്കപ്പെട്ടത്. ഗുരുവിശ്വാസികൾക്കു മാത്രമല്ല, രോഗമുക്തി, കർമ്മദോഷനിവാരണം എന്നീ ലക്ഷ്യങ്ങളോടെ വിശ്വസിച്ചെത്തുന്ന ഏതൊരാൾക്കും ഇതിൽ വ്രതാനുഷ്ഠാനങ്ങളോടെ പങ്കെടുക്കാൻ അനുവാദമുണ്ട്.

തുടർച്ചയായി പന്ത്രണ്ട് വർഷം ആചരിച്ചാൽ മഹാപാപങ്ങൾ മാറുകയും മഹാരോഗങ്ങൾ ശമിക്കുകയും ചെയ്യുക എന്നത് കുംഭമേളയിൽ പങ്കെടുക്കുന്ന ആളുകളിൽ വിശ്വാസവും ഉത്സാഹവും കൃതജ്ഞതയും പകരുന്നു. ശരീരവും മനസ്സും ജീവനും അന്തരീക്ഷവും ശുദ്ധിപ്രാപിക്കാൻ ഉതകുന്ന പ്രാർത്ഥനയുടെ സാഫല്യം അനുഭവിച്ചറിയുന്ന വിശ്വാസികൾ, എല്ലാ വർഷവും ഈ ദിനം പുനരർപ്പണത്തിന്റെ ധന്യദിനമായി കരുതിപ്പോരുന്നു. അതിന് അവസരമരുളുന്ന ആ മഹാകാരുണ്യത്തിന്റെ സന്നിധിയിൽ പ്രാർത്ഥനാപൂർവ്വം വണങ്ങിനീങ്ങുന്ന വിശ്വാസികളുടെ ചാരിതാർത്ഥ്യം അവരുടെ ശാന്തവും പ്രസന്നവുമായ ഭാവത്തിൽ സ്ഫുരിക്കുന്നുണ്ട്.

ശാന്തിഗിരിയിലെ കുംഭമേള ബ്രഹ്മേച്ഛയുടെ സംസ്ഥാപനമാണ്. ത്യാഗനിർഭരമായിരുന്നു അതിന്റെ തുടക്കം. വർഷങ്ങൾക്കു മുമ്പ് 1973ൽ (1149 കന്നി നാല്) ആണ് കുംഭം എഴുന്നെള്ളിക്കാനുള്ള ദൈവവാക്കുണ്ടായത്. കുംഭം എഴുന്നെള്ളിക്കണമെങ്കിൽ ഒരു മുത്തുക്കുട വാടകയ്ക്ക് എടുക്കണം. അന്നത്തെ നിലയ്ക്ക് അഞ്ചോ പത്തോ രൂപയാകും. പക്ഷെ അന്നത്തെ പരിത:സ്ഥിതിയിൽ ആ രൂപ ചെലവാക്കി കുട വാടകയ്ക്കെടുത്ത് കുംഭം എഴുന്നെള്ളിക്കാനുള്ള സാമ്പത്തികശേഷി ആശ്രമത്തിനുണ്ടായിരുന്നില്ല. ദൈനംദിനം അന്തേവാസികൾക്കുള്ള ഭക്ഷണച്ചെലവിനുതന്നെ ഗുരു ബുദ്ധിമുട്ടുന്ന സമയം. കഞ്ഞിവയ്ക്കാൻ അരിയില്ലാത്തതുകൊണ്ട് മരച്ചീനി പുഴുങ്ങിത്തിന്ന് പച്ചവെള്ളം ചൂടാക്കി കുടിച്ചുകൊണ്ട് എത്രയോ നാൾ ഗുരു മറ്റുള്ളവരോടൊപ്പം കഴിഞ്ഞിരിക്കുന്നു. അതിനാൽ കുംഭം പുറത്തെടുക്കാതെ പ്രാർത്ഥനാലയത്തിനുള്ളിൽതന്നെ വയ്ക്കേണ്ടിവന്നു. അങ്ങനെ ബ്രഹ്മനിശ്ചയത്തിന്റെ മഹത്തായൊരു സങ്കല്പം അധികമാരുമറിയാതെ ഓലകെട്ടിയുണ്ടാക്കിയ ആ ചെറിയ കുടിലിൽ തുടങ്ങിവച്ചു.

വിപുലമായ കുംഭമേള ആഘോഷം തുടങ്ങിയത് 1976 ൽ ആയിരുന്നു. പോത്തൻകോട്ടുള്ള ഒരു ഭക്തന്റെ (ശ്രീ ഭരതൻ മുതലാളിയുടെ) വീട്ടിൽ നിന്നായിരുന്നു തുടക്കം. അവിടെനിന്നും കുംഭങ്ങളും വഹിച്ചുകൊണ്ട് ആശ്രമത്തിൽ എത്തുകയായിരുന്നു. അന്നുമുതൽ വർഷത്തിൽ രണ്ടു തവണ ആശ്രമത്തിൽ കുംഭമേളകൾ നടക്കുന്നു. കന്നി നാലിന് നടക്കുന്ന പൂർണകുംഭമേളയും ഫെബ്രുവരി 22ന് നടക്കുന്ന അർദ്ധവാർഷിക കുംഭമേളയും. ഇന്ന് ലോകം ശ്രദ്ധിക്കുന്ന ഒരു ആഘോഷമായി മാറിക്കഴിഞ്ഞു ആശ്രമത്തിലെ കുംഭമേള.




*'ഒരുമ' പുരസ്കാരം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പി. ഗോപിനാഥൻ നായരിൽ നിന്ന് ഏറ്റുവാങ്ങുന്നു*

## സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് 'ഒരുമ' പുരസ്കാരം സമ്മാനിച്ചു

**പാറശാല:** 'ഒരുമ' റിക്രിയേഷൻ ക്ലബിന്റെ ജയമഹേശ് ബാലകൃഷ്ണപിള്ള സ്മാരക ഒരുമ പുരസ്കാരം ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് ഗാന്ധിയൻ പി. ഗോപിനാഥൻ നായർ സമ്മാനിച്ചു. പാറശാലയിൽ സെപ്റ്റംബർ 16ന് നടന്ന ചടങ്ങിൽ എം.എൽ.എ.മാരായ സി.കെ. ഹരീന്ദ്രൻ, കെ. ആൻസലൻ എന്നിവർക്കു പുറമെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.ആർ. സലൂജ, പാറശാല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേഷ്, ബ്ലോക്ക് പഞ്ചായത്ത് അംഗം വൈ. സതീശ്, ഗ്രാമപഞ്ചായത്ത് അംഗം പി.എ. നീല, ഒരുമ പ്രസിഡന്റ് സിദ്ധാർത്ഥൻ നായർ തുടങ്ങിയവർ സംബന്ധിച്ചു.

# ഗുരുവാണി

ദൈവം അനവധി മഹാന്മാരെ കൊണ്ടുവന്നു. ബുദ്ധൻതന്നെ തികച്ചും ഒരു ചക്രവർത്തിയുടെ മകനായിട്ട് വന്ന കർമ്മത്തിന് അധികാരിയായിട്ട് എന്തുപോലെയിരുന്നു? ആ ബുദ്ധമതം സ്വീകരിച്ചവരെ വെട്ടി അടുപ്പിച്ച്, കുത്തി അടുപ്പിച്ച് കൊന്ന് തല വെട്ടിക്കളഞ്ഞ ഏർപ്പാടാണ് ഉള്ളത്. ഇതിന് നിങ്ങൾ എന്തുചെയ്യും? ആർക്കെങ്കിലും എന്തെങ്കിലും ചെയ്യാമെങ്കിൽ പറയണം. ശരണത്രയങ്ങൾ ഇങ്ങനെ ആഘോഷിച്ച് കൊണ്ടുപോയ ആളാണ്. അല്ലേ? എന്നിട്ട് എവിടെ? അപ്പോൾ ഇത് ആരുടെയെല്ലാം കൈയിൽ കൊടുത്ത് നമ്മിലേക്ക് പകർത്താൻ ദൈവം നോക്കിയോ അവരെയെല്ലാം നശിപ്പിച്ചുംകൊണ്ട് മറ്റൊരു മാർഗ്ഗം സ്വീകരിക്കാൻ നില്ക്കുന്ന മക്കളാണ്. ഇത് നമുക്ക് ഒരു മതക്കാർക്കല്ല, ഒരു ജാതിക്കാർക്കല്ല സകലപേർക്കും ഒന്നടങ്കം പറ്റിയിരിക്കുന്ന ഒരബദ്ധം. നിങ്ങൾ കുറേശ്ശെ ഇങ്ങനെ കാണുമ്പോൾ കുറച്ചുപേർ കുളിച്ചൊരുങ്ങി നല്ലതുപോലെ നടക്കും. ഒരുത്തൻ തെണ്ടിയായിട്ട് നടക്കും. അതൊക്കെ നാടിന്റെ പണിയെന്നും പറഞ്ഞ് നിങ്ങൾ അങ്ങ് പോകും. ഇവിടെ നിങ്ങൾ എന്തുചെയ്യും?

ഇന്നിപ്പോൾ ഓരോരുത്തരും ഏതെങ്കിലും വിധത്തിൽ ജീവിതം സുഭിക്ഷമാക്കാനോ നന്നാക്കാനോ ആയിരിക്കണമല്ലോ ചെയ്യുന്നത്. ഈ സുഭിക്ഷം ഇവിടെയാണ് കൊണ്ടുവന്ന് വയ്ക്കുന്നത്. എന്തുചെയ്യും? നമ്മൾ ജനിച്ചതും വളർന്നതുമായ ഒരു പാരമ്പര്യമില്ലേ? ഇതിനെ വിട്ട് നമ്മൾ എവിടെ പോകും? നമ്മൾ എത്ര വിദ്യ ഉപയോഗിച്ചാലും നടക്കില്ല. എത്ര ധനം അതിനുവേണ്ടി വാരി ചെലവാക്കിയാലും നടക്കില്ല. ധർമ്മം എത്ര ചെയ്താലും പറ്റില്ല. ഇത് ഒരു മനുഷ്യനിൽ എവിടെയെങ്കിലും ഇണങ്ങിക്കണ്ടാൽ അവിടെ നിങ്ങൾ പിടിച്ചോളണം. അല്ലാതെ മറ്റൊരു ന്യായവുമില്ല. അപ്പോൾ ഈ സാധാരണക്കാരെയും കുറേ പണക്കാരെയും കുറേ തെമ്മാടികളെയും വച്ച് ഭരിക്കലല്ല ഇതിന്റെ വേല. അങ്ങനെ ഭരിച്ചാൽ ഇത് നടക്കില്ല. ധനാഢ്യൻമാരെക്കൊണ്ട് കുഴഞ്ഞ് തരിപ്പണമാകുന്നതാണ് ഇന്നത്തെ അവസ്ഥ. അല്ലെന്ന് പറയാമെങ്കിൽ പറ. നിങ്ങൾ കുറെയെങ്കിലും പഠിച്ചവരാണ്. ഞാൻ ഒന്നും പഠിക്കാത്ത ആളാണ്. ഇതൊന്ന് നമ്മൾ മനസിലാക്കണോ വേണ്ടേ? അത് എന്തിൽകൂടി നമ്മൾ മനസിലാക്കും? വെറുതെ ചിന്തിച്ചങ്ങ് പോകരുത്. നമ്മൾ ഈ നില്ക്കുന്ന നിലയിൽ നിന്ന് പോയിട്ട് കാര്യമില്ല. നമ്മൾ എവിടെ നില്ക്കുന്നോ അവിടം മുതൽ തുടങ്ങണ്ടേ? അപ്പോൾ ആ കാര്യമാണ് നിങ്ങളോട് ചോദിക്കുന്നത്. അത് എങ്ങനെ സാധിക്കും? നമ്മൾ ആരെങ്കിലും ഇത് വേണ്ടെന്ന് പറയുന്നവരുണ്ടെന്ന് എനിക്ക് ബോധ്യമില്ല. പിന്നെ എന്തുകൊണ്ട് നമുക്കിത് എടുക്കാൻ വയ്യാതെ വന്നു? എങ്ങനെ സംഭവിക്കുന്നു? ഇതാണ് നമ്മുടെ കുറവ്. ചെറിയ കാര്യമേയുള്ളൂ നമുക്ക് മനസിലാക്കാൻ. അത് നിങ്ങൾ മനസിലാക്കാതിരുന്നാൽ എന്തുചെയ്യാനാ? നമ്മൾ ജനിച്ചകാലംമുതൽ ഇന്നോളം ഒരു പോരായ്മ സ്വീകരിക്കാൻവേണ്ടി ചെയ്തിട്ടില്ല. പക്ഷെ അത് എങ്ങനെയോ വന്നുപോകുന്നുണ്ട്. നമ്മളിലും നമ്മുടെ കൂടെയുള്ളവരിലും നാട്ടിലും നാട്ടുകാർക്കും വന്നുപോകുന്നുണ്ട്. ഇത് എന്തുകൊണ്ട് എന്നാണ്? ധനം ഉണ്ടെങ്കിൽ എല്ലാം മാറുമെന്ന് ഒരുകാലത്ത് നമ്മളൊക്കെ വിചാരിച്ചിരിക്കും. പ്രഭുത്വം ഉണ്ടായാൽ എല്ലാം മാറും. വിദ്യ ഉണ്ടായാൽ എല്ലാം മാറും. പക്ഷെ ഇത് ഉണ്ടായപ്പോഴാണ് അതിന്റെ വാല് കാണുന്നത്. അത് സമ്മതിക്കുന്നല്ലോ. ഇതിന് ഒരു കാരണം എന്തെങ്കിലും മുൻപ് കാണും. കാര്യത്തോളം എടുക്കാൻവയ്യാത്ത കർമ്മദോഷം എവിടെയെങ്കിലും കാണും. ഇത് വിശ്വസിച്ചാലേ നിങ്ങൾക്ക് അങ്ങോട്ടുപോകാൻ കഴിയൂ. അല്ലാതെ നിങ്ങൾ എന്തു പുതുക്കിപ്പണിതാലും ശരിയാകില്ല. ഇത് വിശ്വസിക്കാതെ അപ്പോഴപ്പോഴുള്ള കാര്യസാധ്യം പൂർണ്ണമാക്കിയെടുക്കാൻവേണ്ടി എന്തെല്ലാം കൊള്ളയാണ് ഇപ്പോൾ നമ്മൾ നടത്തുന്നത്.

## വചനദീപ്തി

**"ഏകം നിത്യം വിമലമചലം**
**സർവ്വധീ സാക്ഷിഭൂതം**
**ഭാവാതീതം ത്രിഗുണരഹിതം**
**സത്ഗുരും ത്വം നമാമി"**

**ഗുരുസ്തുതി**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

27.9.2018 – ശാന്തിപുരം, രത്നഗിരി
28.9.2018 – ആനന്ദപുരം

## യാമപ്രാർത്ഥന

2018 സെപ്റ്റംബർ 27, വ്യാഴം

## പൗർണ്ണമി

2018 സെപ്റ്റംബർ 24, തിങ്കൾ

പ്രകാശപഥം

# ആശ്രമത്തിന്റെ ഏറ്റവും വലിയ ധർമ്മം

ഈ അന്തരീക്ഷത്തിന്റെ മുക്കാൽ ഭാഗവും ഒരു കാടിന്റെ രൂപത്തിൽ കാണിച്ചിട്ട് ഈ കാട്ടിൽ ഏതെല്ലാം ജീവിതങ്ങളുണ്ടോ അതെല്ലാം ഒരുമിച്ചുകൂടുന്ന സംസർഗ്ഗരംഗങ്ങൾ കണ്ടിട്ട് അതെല്ലാം ആ പ്രകാശത്തിന്റെ ഓരോ മഹിമയിലും കടന്നുകടന്ന് പോകുമ്പോൾ ഗുരു ഓരോരുത്തരുടെയും പിറകേ ഇങ്ങനെ സഞ്ചരിക്കുന്നതായി കാണുകയാണ്. സഞ്ചാരവേളയിൽ ഗുരു തിരിഞ്ഞുനോക്കുകയും ഓരോരുത്തരുടെയും അനുഭവത്തിന്റെ, സാക്ഷിത്വത്തിന്റെ ആത്മശുദ്ധി എന്താണെന്നും അവരുടെ പ്രവൃത്തികർമ്മം എന്താണെന്നും അവരുടെ അനുഭവമേഖല എന്താണെന്നും അതിസൂക്ഷ്മമായി ശ്രദ്ധിക്കുകയും ചെയ്തുകൊണ്ട് അവരുടെകൂടെ നടക്കുന്നതായിട്ടാണ് കാണുന്നത്. അവരുടെ ഓരോ വീടുകളിലും – നമ്മുടെ എല്ലാവരുടെയും എന്നുവേണമെങ്കിൽ പറയാം. അല്ലെങ്കിൽ ഇനി വരാൻ പോകുന്നവരുടെയും കഴിഞ്ഞുപോയവരുടെയും ഇപ്പോൾ നടക്കുന്നവരുടെയും എല്ലാവരുടെയും – വീടിന്റെ വാതിൽക്കൽ ഗുരു എങ്ങനെ അതിസൂക്ഷ്മമായും അതിസൂക്ഷ്മവദനനുമായിക്കൊണ്ടുതന്നെ സൂക്ഷിച്ചു നോക്കിനില്ക്കുന്ന കാഴ്ചയാണ് ഞാൻ കാണുന്നത്. ആ കാഴ്ച ഒരിക്കലും ഒരു ജീവിക്കും മറക്കാൻ കഴിയാത്തതും ജീവിതത്തിൽ അനുഭവവേദ്യമായ ഒന്നാണ് ആ കാഴ്ചയുടെ പരമമായ രഹസ്യം.

അങ്ങനെ നിഗൂഢാത്മകമായ കാഴ്ചയിലേക്ക് നമ്മെ എത്തിച്ചശേഷം നമ്മളോടൊത്ത് കഴിയുന്ന ഗുരുവിനെ നാം എങ്ങനെ കാണണം, എന്തുപോലെ ഇത് യാഥാർത്ഥ്യമായി കൊണ്ടുപോകണം, ഈ ആശ്രമത്തിന്റെ സ്വഭാവത്തിൽ നാം എങ്ങനെ ജീവിക്കണം, നാം എന്തുപോലെയായിരിക്കണം എന്ന് നാം ഒന്നുപോലെ ചിന്തിച്ചിട്ട് ആ ചിന്ത ജീവിതത്തിലേക്കു കടത്താൻ കഴിയുന്ന ഒരു വലിയ ശുദ്ധതയായി മാറുകയും ആ ശുദ്ധത നാം ഓരോരുത്തരുടെയും സ്വത്താക്കി തീർക്കുകയും ചെയ്യുന്ന അനുഭവസാക്ഷിത്വമായി തീരണം. അതാണ് ആശ്രമത്തിന്റെ ഏറ്റവും വലിയ ധർമ്മം എന്നു മനസിലാക്കിയിട്ടുവേണം ഇവിടെ ഓരോരുത്തർ നില്കാനും പ്രവർത്തിച്ചെടുക്കാനും. ഗുരു ഓരോ വീട്ടിലും എത്തിനോക്കുകയും അവരുടെ കട്ടിളപ്പടിയിൽ ഗുരു എത്തിനോക്കുകയും ചെയ്യുന്നു. ഈ കാഴ്ച ഇപ്പോഴും എന്റെ കണ്ണിൽ നിന്ന് മായാത്ത കാഴ്ചയാണ്.

അതുകൊണ്ട് നാം ഓരോരുത്തരും വിചാരിക്കണം നാം ചെയ്യുന്ന ഓരോ കാര്യങ്ങളും എന്തുപോലെയായിരിക്കണം, ഏതെല്ലാം നിലയിലായിരിക്കണം, അത് എന്തായിരിക്കണം എന്താണ്, എന്തിനുവേണ്ടിയാണ് താൻ ആശ്രമത്തിൽ നില്ക്കുന്നത്, ഏത് ചിന്തയോടുകൂടി ഞാൻ ആശ്രമത്തിൽ നിന്ന് കർമ്മം ചെയ്യണം, ആ കർമ്മം എന്താണ്, എന്തുപോലെ നില്ക്കണം എന്നെല്ലാം ചിന്തിച്ചിട്ടുവേണം ഓരോ കാര്യങ്ങളിലേക്കു കടക്കാനും നാം ചെയ്തെടുക്കേണ്ടതും.

ഈ സ്നേഹം നിങ്ങൾ ഓരോരുത്തരും ഗുരു പങ്കുവഹിക്കുന്ന ആ സ്നേഹത്തിന്റെ വലുപ്പം മനസിലാക്കി ഗുരു നിങ്ങളോടു പെരുമാറുമ്പോൾ നിങ്ങളും ആ സ്നേഹത്തിന്റെ വലുപ്പം അതിന്റെ എത്രയോ ഇരട്ടിയുടെ ഇരട്ടി കൊടുക്കുവാൻ കഴിയുന്ന ഒന്നായിത്തീരാൻ നിങ്ങളോടൊപ്പം പ്രാർത്ഥിക്കുന്നു. ആ പ്രാർത്ഥന യോഗ്യമായി തീരുകയും ആ യോഗ്യത തന്റെ ധർമ്മമായിത്തീരുന്ന കർമ്മത്തിന്റെ പുണ്യാംശത്തിലേക്ക് ചെന്നുചേർന്നിട്ട് ആ പുണ്യാംശം നമ്മുടെ വീടിനും കുട്ടികൾക്കും എല്ലാവർക്കും ഒരുപോലെയെടുക്കാൻ കഴിയുന്ന സത്യത്തിന്റെ സത്യമായിത്തീരുകയും ആ സത്യം, സത്യത്തിന്റെ ആത്മാവായി പ്രവർത്തിക്കുന്ന അതിസൂക്ഷ്മമായ സാക്ഷാത്കാരമായി മാറും. ഇതാണ് ശാന്തിഗിരിയുടെ ലക്ഷ്യം. ആ ലക്ഷ്യം മനസിലാക്കി വേണം, നാം ഓരോരുത്തരും പ്രവർത്തിക്കാനും എടുക്കാനും.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ-** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽനിന്ന്

# ഗുരു ലോകത്ത് അവതരിപ്പിക്കുന്ന പുതിയ തത്വസംഹിത

ലോകനന്മ ലക്ഷ്യമാക്കി ഒരു പുതിയ തത്വസംഹിത പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനുള്ള യത്നമാണ് ഗുരുവിന്റേത്. ആ വിശ്വമനസിന്റെ നൊമ്പരമാണ് ആ മനസ്സുമായി താദാത്മ്യം പ്രാപിച്ചിട്ടുള്ള എല്ലാ മനസ്സുകളിലും വേദനയായി ബഹിർഗമിക്കുന്നത്. വിശ്വമന:സാക്ഷിയുടെ ദു:ഖം തരംഗങ്ങളായി അങ്ങനെ സഞ്ചരിക്കുന്നു. ഗുരുവിന്റെ തീവ്രമായ നൊമ്പരങ്ങളെ ചെറിയ തോതിലെങ്കിലും വഹിച്ച് പ്രവർത്തിക്കാൻ കഴിവുള്ള കുറച്ചുപേർ മാത്രമെ വന്നുചേർന്നിട്ടുള്ളൂ. എങ്കിലും ആർജ്ജിച്ചിടത്തോളം അറിവുവച്ചുകൊണ്ട് ഓരോരുത്തരും ചിലതൊക്കെ ചെയ്യുന്നു. പക്ഷെ ഈ മാനവരാശിയുടെ ഒരു പുതിയ സംസ്കാരവിശേഷത്തെ പോറ്റിയെടുക്കാനുള്ള വേദന ഊഹിക്കത്തക്കതല്ല.

ആശ്രമം എന്ന സങ്കല്പത്തിലൂടെ ഇന്നത്തെ ലോകന്യായങ്ങളെ പരിപോഷിപ്പിക്കലല്ല ഗുരു ചെയ്യുന്നത്. വേദവും വേദാന്തവും ചർച്ചചെയ്തു തർക്കിച്ചും ജയിച്ചും ഞാൻ വലുത് എന്ന് സ്ഥാപിക്കലല്ല. ഇന്നോളം അത് ശരി, ഇത് തെറ്റ് എന്നെല്ലാം ചില ലോകന്യായങ്ങൾ പറയുന്നുണ്ടല്ലോ. യഥാർത്ഥ ഈശ്വരീയമായ ന്യായം ഇന്നത്തെ ലോകന്യായമല്ല. മറിച്ച് ദൈവദത്തമായിട്ടുള്ള പുത്തൻന്യായമാണ്. അത് ചോദിച്ചറിഞ്ഞ് ചെയ്യുന്നതാണ്. ആരോടാണ് ചോദിക്കുന്നത്? സാക്ഷാൽ പരബ്രഹ്മത്തോടുതന്നെ. ഈ ബ്രഹ്മരഹസ്യമാണ് ഗുരു ലോകത്ത് അവതരിപ്പിക്കുന്ന തത്വസംഹിത.

ഗുരുവിന്റെ വേദന ലോകത്തിനുവേണ്ടിയാണ്. ലോകജനത ഇന്ന് എത്തിപ്പിടിക്കാൻ ഒരു രക്ഷാമാർഗ്ഗമില്ലാതെ, തങ്ങളുടെ ദു:ഖങ്ങൾ അർപ്പിക്കാൻ ഒരിടമില്ലാതെ അലയുകയാണ്. അവർ മാടൻ, മറുത, യക്ഷി, ഗന്ധർവ്വൻ, മന്ത്രമൂർത്തികളൊക്കെ ആരാധനയ്ക്ക് യോഗ്യതയുള്ളതാണെന്ന് തെറ്റിദ്ധരിച്ച് അതിനെ ആരാധിക്കുന്നവരാണ്. ലോകത്തിന്റെ ആകെയുള്ള രക്ഷയുടെ അടിസ്ഥാനം ശാന്തിഗിരിയിൽ നിന്നാണ് തുടങ്ങുന്നത്. അതാണ് ആശ്രമത്തിൽ ഗുരു നിർവഹിച്ചുകൊണ്ടിരിക്കുന്ന കർമ്മം. കുടുംബമാരണങ്ങൾകൊണ്ടും പിതൃദോഷംകൊണ്ടും യാതൊരു ഗതിയും പിടിക്കാതെ കിടക്കുന്ന കുടുംബങ്ങളെ ഏകദൈവ പ്രാർത്ഥനയിലൂടെ ഉന്നതിയിലേക്കുയർത്തി, ഉണർത്തിയെടുക്കുന്ന കർമ്മപദ്ധതിയാണിത്. അതിനായുള്ള ഗുരുവിന്റെ വേദനയിൽ ഒരു തരിമ്പെങ്കിലും ഭാഗഭാക്കാകാൻ സാധിക്കുന്നത് ഭാഗ്യങ്ങളിൽ വച്ച് ഭാഗ്യമാണ്. ആ വേദനയ്ക്കു പിന്നിൽ നന്മയുടെ ഒരു രത്നഖനിയുണ്ട്. ഈ കാര്യത്തിനുവേണ്ടി തന്റെ ഭാഗത്തുനിന്ന് എന്തുചെയ്യാൻ കഴിയും എന്നാണ് ഓരോരുത്തരും സ്വയം ചോദിക്കേണ്ടത്. നമ്മുടെയും കുടുംബത്തിന്റെയും രക്ഷയ്ക്കും ലോകത്തിനുംവേണ്ടി ഞാൻ എന്തു ചെയ്യണമെന്ന് ഗുരുവിനോടുതന്നെ ചോദിക്കുമ്പോൾ ഗുരു പറഞ്ഞുതരും. ലോകത്തിനാകെ നന്മ നേർന്നുകൊണ്ട് ഇന്നോളം വന്നുപോയിട്ടുള്ള ആചാര്യന്മാരുടെ ആത്മാക്കളുടെ ദു:ഖത്തിൽ നിന്നും അവർക്ക് മോചനം കൊടുക്കുവാൻ, ബ്രഹ്മനിശ്ചയപ്രകാരം ലോകത്തിന്റെ ദു:ഖമാകെ ഏറ്റെടുത്ത് ചെയ്യുന്ന പൂർണ്ണനായ ഗുരുവിൽ നമുക്ക് സകലതും സമർപ്പിക്കാം.

# കന്നി മാസത്തിലെ പൗർണ്ണമി നാളെ

**സ്പിരിച്വൽ സോൺ:** കന്നി മാസത്തിലെ പൗർണ്ണമി നാളെ പ്രാർത്ഥനാസങ്കല്പങ്ങളോടെ ആശ്രമത്തിൽ നടക്കും. അളവറ്റ ധന്യതകളും ഐശ്വര്യങ്ങളും തരുന്നതാണ് പൗർണ്ണമി വ്രതം. ദശമി ചന്ദ്രൻ മുതൽ ചന്ദ്രൻ പൂർണ്ണമായും പ്രകാശിക്കുന്ന പൗർണ്ണമിവരെ ഓട്ടുപാത്രത്തിൽ തേനും പലഹാരങ്ങളും ചന്ദ്രന് സമർപ്പിച്ചാൽ എല്ലാ ഐശ്വര്യങ്ങളും ഉണ്ടാകുമെന്ന് പഴമക്കാർ വിശ്വസിച്ചിരുന്നു. ഓരോ വ്രതത്തിനും ഓരോ മാഹാത്മ്യവും ഫലവുമാണ്. തിങ്കളാഴ്ച വ്രതം, വ്യാഴാഴ്ച വ്രതം, പ്രദോഷ വ്രതം, ഏകാദശി വ്രതം, ഷഷ്ഠി വ്രതം എന്നിങ്ങനെ വ്രതങ്ങൾ അനവധി ഉണ്ടെങ്കിലും പൗർണ്ണമി വ്രതാചരണംകൊണ്ടാണ് സർവ്വാഭീഷ്ട സിദ്ധി കൈവരുന്നത്. അതുകൊണ്ട് എല്ലാ വ്രതങ്ങളുടെയും പൂർണ്ണതയാണ് പൗർണ്ണമി വ്രതം.

സൂര്യൻ ഒരു രാശിയിൽ നില്ക്കുന്ന സമയമാണ് ഒരു മാസം. ചന്ദ്രന് ഒരു രാശിചക്രം ചുറ്റിവരാൻ വേണ്ടിവരുന്ന കാലം ഒരു ചാന്ദ്രമാസം അഥവാ രണ്ട് പക്ഷങ്ങൾ. ഇതിൽ കൃഷ്ണപക്ഷത്തിൽ ചാന്ദ്രതേജസിന് ക്ഷയം സംഭവിക്കുന്നതിനാൽ ഔഷധികൾക്ക് വളർച്ച കുറയുകയും മറ്റ് ജീവികൾക്ക് പുഷ്ടി കുറഞ്ഞ് ക്രമമായി പോവുകയും ചെയ്യുന്നു. കൃഷ്ണപക്ഷം കഴിഞ്ഞ് ശുക്ലപക്ഷത്തിലെ പഞ്ചമി കഴിഞ്ഞു വരുന്ന തിങ്കളാഴ്ചയെ ചന്ദ്രവാരം എന്നുപറയുന്നു. ആകയാൽ തിങ്കളാഴ്ച വ്രതാനുഷ്ഠാനത്തിന് ഉത്തമമാണ്. ചന്ദ്രൻ സ്വയം അച്ചുതണ്ടിൽ ചുറ്റി പൂർണ്ണമായി ഭൂമിക്ക് അഭിമുഖമായി വരുന്നത് വ്യാഴാഴ്ച ആണെങ്കിൽ വ്രതാനുഷ്ഠാനത്തിന് മേന്മയേറും. അതുകൊണ്ട് ഹിന്ദുക്കൾ മാത്രമല്ല എല്ലാ മതസ്ഥരും തിങ്കളാഴ്ചയും വ്യാഴാഴ്ചയും ശ്രേഷ്ഠ ദിവസങ്ങളായി കരുതിപ്പോരുന്നു.

ഇരുട്ട് അശേഷം വ്യാപിക്കുന്നില്ല എന്നതാണ് പൗർണ്ണമിയുടെ സവിശേഷത. ഒരു ഭാഗത്ത് കുളിർമയും ആനന്ദവും. മറുഭാഗത്ത് എന്തിനെയും പിടിച്ചെടുക്കാൻ കഴിയുന്ന ഗുണവും. കുളിർമയിൽ വിത്തുകൾക്ക് കൂടുതൽ ഗുണം സിദ്ധിക്കുന്നു. പൗർണ്ണമിയിൽ അന്തരീക്ഷം ശാന്തമാണ്. ഉദയാസ്തമയങ്ങൾക്ക് തമ്മിൽ അകലമില്ല. ഒന്ന് ഉദിക്കുമ്പോൾ ഒന്ന് അസ്തമിക്കുന്നു. ഒന്ന് അസ്തമിക്കുമ്പോൾ ഒന്ന് ഉദിക്കുന്നു. സൂര്യന്റെയും ചന്ദ്രന്റെയും കിരണങ്ങൾ എവിടെയെല്ലാം പതിക്കുന്നുവോ അവിടെയെല്ലാം വിത്തിൽ ജനിക്കാനും നിലനിർത്താനുമുള്ള ഗുണവും പ്രവേശിക്കുന്നു.

ഗുരുവിനെ ദൈവമായും ബ്രഹ്മമായും പൂർണ്ണതയിലെത്താൻ സഹായിക്കുന്നത് പൗർണ്ണമിയത്രെ. പൗർണ്ണമി പ്രാർത്ഥനയുടെ സവിശേഷതയെക്കുറിച്ച് അറിയാമെങ്കിലും ഇല്ലെങ്കിലും സമസ്ത ചരാചരങ്ങൾക്കും ഗുണം കിട്ടത്തക്ക വിധത്തിലും ലോകശാന്തിക്കുതകുന്നവിധത്തിലും പ്രാർത്ഥനയ്ക്ക് ഗുണമുണ്ടാകണമെന്ന സങ്കല്പം ഏറ്റവും ഉദാത്തമാണ്. പൗർണ്ണമിക്ക് കുഞ്ഞു ജനിക്കുന്ന മാതാവ് വളരെ അധികം ബോധവതിയായിരിക്കണം. തന്റെ കുഞ്ഞ് ലോകത്തിനുവേണ്ടി ദൈവം കനിഞ്ഞു തന്നതെന്ന അറിവാണ് ആ അമ്മയ്ക്കുണ്ടായിരിക്കേണ്ടത്. ഗ്രഹങ്ങൾക്ക് സന്തുലിതാവസ്ഥയുണ്ടാവുകയും അതിലൂടെ ലോകനന്മയ്ക്കുതകുന്ന പ്രത്യേകമായ ശക്തിവിശേഷം ഉണ്ടാവുകയും ചെയ്യും. ഉല്പത്തിക്കും ലയനത്തിനും സമുചിതമായ ദിനമാണ് പൗർണ്ണമി. പൗർണ്ണമിദിനത്തിലെ ഉല്പത്തി ലോകത്തിനു ഗുണം ചെയ്യുന്നതായിരിക്കും. ആത്മീയവും ഭൗതികവും പരസ്പരം പൂരകമാണെങ്കിലും പൗർണ്ണമിദിനത്തിൽ ഏതിനു മുൻതൂക്കം കൊടുക്കുന്നുവോ അതിനായിരിക്കും വർദ്ധനവ് ഉണ്ടാകുന്നത്.

സൂര്യനിൽ നിന്ന് ചന്ദ്രനിലേക്ക് ഒരു മറവും കൂടാതെ കിട്ടുന്ന പ്രകാശത്തിൽക്കൂടി ഭൂമിയിൽ ജീവസ്പന്ദമായ ധൂളികൾ വന്നെത്തുന്നു. ആ ചൈതന്യധൂളികളെ കണ്ടുകൊണ്ടാണ് ഋഷീശ്വരന്മാർ പൗർണ്ണമിയുടെ മഹിമാതിരേകങ്ങളെ പ്രകീർത്തിച്ചിട്ടുള്ളത്. ഈ ചൈതന്യധൂളികളുടെ അമൃതധാര രണ്ടുവിധത്തിൽ പ്രവർത്തിക്കുന്നു. ഒന്ന് വ്രതാനുഷ്ഠാനങ്ങളും പ്രാർത്ഥനയുമായി കഴിയുന്നവർക്ക് മുക്തി പ്രാപ്തമാകുന്നു. രണ്ട് ആ ദിവസം ലൗകികചിന്തകളിൽ മുഴുകുന്നവർ കൂടുതൽ തീവ്രമായ സംസാരികളായി മാറുന്നു. ഇതിനെ ആസ്പദമാക്കിയാണ് ശരീരം, വാക്ക്, മനസ്സ് എന്നിവകൊണ്ട് അനന്യമായ വ്രതനിഷ്ഠയ്ക്കും പ്രാർത്ഥനയ്ക്കും പ്രാധാന്യം നല്കി ശാന്തിഗിരി ആശ്രമത്തിൽ പൗർണമി ആഘോഷിക്കുന്നത്.



'കരുണാലയം' വൃദ്ധസദനത്തിൽ നടത്തിയ വസ്ത്രവിതരണം

# സ്നേഹസ്പർശവുമായി വിദ്യാർത്ഥികൾ

**ആറ്റിങ്ങൽ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് പുതുവസ്ത്രങ്ങൾ വിതരണം ചെയ്തു.

ആറ്റിങ്ങൽ കരുണാലയം വൃദ്ധസദനത്തിലെ അന്തേവാസികൾക്കാണ് സെപ്റ്റംബർ 18 ന് വസ്ത്രങ്ങൾ വിതരണം ചെയ്തത്. പ്രിൻസിപ്പൽ ശ്രീജിത്ത് എസ്.വി., കൺവീനർ പ്രേംദാസ് എച്ച്., അദ്ധ്യാപകരായ എസ്.പത്മജകുമാരി, ഷജീർ എ., ഷീബ വിജയൻ തുടങ്ങിയവരും വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു.



സ്നേഹപുരം യൂണിറ്റിൽ സുനിൽകുമാർ കെ.പി. നിർമ്മിക്കുന്ന ഭവനത്തിന്റെ ശിലാസ്ഥാപനകർമ്മം സെപ്റ്റംബർ 18 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു



പാലോട്ടുകോണം യൂണിറ്റിൽ തുളസീധരൻ പി.വി.. നിർമ്മിക്കുന്ന ഭവനത്തിന്റെ ശിലാസ്ഥാപനകർമ്മം സെപ്റ്റംബർ 18 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു

# റ്റി.കെ. ഉണ്ണികൃഷ്ണപ്രസാദ് എഫ്.എ.സി.റ്റി.യിൽ നിന്ന് വിരമിക്കുന്നു

**ശാന്തിഗിരി ജംഗ്ഷൻ:** എഫ്.എ.സി.റ്റി.യിലെ ഉദ്യോഗമണ്ഡൽ കോംപ്ലക്സ് ജനറൽ മാനേജർ (ഓപ്പറേഷൻസ്) ആയ ആശ്രമം അഡ്വൈസറി കമ്മിറ്റി ജനറൽ കൺവീനർ റ്റി.കെ. ഉണ്ണികൃഷ്ണപ്രസാദ് ഈ മാസം 30ന് സർവീസിൽ നിന്നും വിരമിക്കും. 34 വർഷമായി എഫ് എസിറ്റിയിൽ സേവനം ചെയ്യുന്ന ഇദ്ദേഹം ഇലക്ട്രിക്കൽ എൻജിനീയറായിട്ടാണ് ജോലിയിൽ പ്രവേശിച്ചത്. ആശ്രമത്തിലെ പർണ്ണശാല സമർപ്പണസമയത്ത് ഉദ്യോഗത്തിൽ നിന്നും അവധിയെടുത്ത് ആശ്രമത്തിൽ സേവനം ചെയ്തിരുന്നു. ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്) ആയാണ് പ്രവർത്തിച്ചത്. വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം ഗവേണിംഗ് കമ്മിറ്റി ചുമതലക്കാരൻ കൂടിയായ റ്റി.കെ. ഉണ്ണികൃഷ്ണപ്രസാദ് ശാന്തിഗിരി ജംഗ്ഷനിൽ 'ഗുരുവർണ്ണ'ത്തിൽ താമസിക്കുന്നു. ഭാര്യ: ഡോ. പി.എ. ഹേമലത. മക്കൾ: ഡോ. ബ്രഹ്മദത്തൻ യു, ഗുരുനിശ്ചിത യു. മരുമകൾ : ഡോ. സൗഭാഗ്യ പി.എസ്



റ്റി.കെ. ഉണ്ണികൃഷ്ണപ്രസാദ്

# സനാതനഭാരതി പുസ്തകമേള ഒക്ടോബർ 1 മുതൽ ആലപ്പുഴയിൽ

**ആലപ്പുഴ:** വിവിധ ആദ്ധ്യാത്മിക സ്ഥാപനങ്ങളുടെ പുസ്തകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സനാതനഭാരതി പുസ്തകമേള ആലപ്പുഴ റെയ്ബാൻ ഷോപ്പിംഗ് കോംപ്ലക്സിൽ ഒക്ടോബർ ഒന്നു മുതൽ നടക്കും. പത്തുദിവസം നീണ്ടു നില്ക്കുന്ന പുസ്തകമേളയിൽ ശാന്തിഗിരി പബ്ലിക്കേഷൻസ് ഉൾപ്പെടെയുള്ളവയുടെ പ്രസിദ്ധീകരണങ്ങൾ പ്രദർശനത്തിനുണ്ട്. പുരാണ ഇതിഹാസങ്ങൾ, ഭാരതീയ സംസ്കാരം, ആത്മീയത, ചരിത്രം, ആചാരാനുഷ്ഠാനങ്ങൾ, വിജ്ഞാനം, കീർത്തനങ്ങൾ, ശാസ്ത്രം എന്നീ മേഖലകളിലുള്ള പുസ്തകങ്ങൾ പ്രദർശനത്തിനുണ്ടാവും.



ലക്ഷ്മിപുരം യൂണിറ്റിൽ ബിജു ഒ. നിർമ്മിക്കുന്ന ഭവനത്തിന്റെ ശിലാസ്ഥാപനകർമ്മം സെപ്റ്റംബർ 21 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു

# പോസ്റ്റൽ ബീമാ യോജനയിലേക്ക് തെരഞ്ഞെടുത്തു

**റിസർച്ച് സോൺ:** ശാന്തിഗിരി പോസ്റ്റോഫീസിന് കീഴിലുള്ള പൂലന്തറ വാർഡ് തിരുവനന്ത പുരം നോർത്ത് ഡിവിഷനിലെ സമ്പൂർണ്ണ പോസ്റ്റൽ ബീമ ഗ്രാമ യോജന പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ആശ്രമം റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽവച്ച് സെപ്റ്റംബർ 17 തിങ്കളാഴ്ച ഉച്ചയ്ക്ക് മൂന്നു മണിക്ക് നടന്ന യോഗത്തിൽ വച്ച് പദ്ധതിയുടെ ഉദ്ഘാടനം പോസ്റ്റൽ സീനിയർ സൂപ്രണ്ട് മോഹനൻ ആചാരി നിർവഹിച്ചു. പോസ്റ്റൽ വകുപ്പ് നടപ്പാക്കുന്ന സമ്പൂർണ്ണ ബീമ ഗ്രാമ യോജനയിൽ എല്ലാ കുടുംബങ്ങളെയും ഇൻഷുറൻസ് പരിരക്ഷയുടെ പരിധിയിൽ കൊണ്ടു



*പോസ്റ്റൽ ബീമാ യോജന പൂലന്ത വാർഡ് ഉദ്ഘാടനചടങ്ങ്*

വരുന്നതിന്റെ ഭാഗമായി നടപ്പാക്കുന്നതാണ് ഈ പദ്ധതി. ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും ഇൻഷുറൻസ് പരിരക്ഷ നല്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ചടങ്ങിൽ സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി മഹനീയ സാന്നിധ്യമായി. അസിസ്റ്റന്റ് പോസ്റ്റൽ സൂപ്രണ്ട് ഗോപകുമാർ, മാണിക്കൽ ഗ്രാമപഞ്ചായത്ത് മെമ്പർ എസ്. സുധർമ്മണി, എം.പി. പ്രമോദ്, പോസ്റ്റ്മിസ്ട്രസ് സുവിജ തുടങ്ങിയവർ സംബന്ധിച്ചു.

# സിദ്ധ ചികിത്സകൻ ഡോ. സി.പി.മാത്യുവിന്റെ നവതി ആഘോഷം ഇന്ന്

**കാഞ്ഞിരപ്പള്ളി:** സിദ്ധവൈദ്യത്തിന് ജനശ്രദ്ധ നല്കിയ ഭിഷഗ്വരൻ ഡോ.സി.പി. മാത്യുവിന്റെ നവതി ആഘോഷം ഇന്ന് കാഞ്ഞിരപ്പള്ളിയിൽ വച്ച് നടക്കും. കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് രാവിലെ 10 മണിക്കുന്ന നടക്കുന്ന സമ്മേളനം ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യും. കാഞ്ഞിരപ്പള്ളി രൂപത അദ്ധ്യക്ഷൻ ബിഷപ്പ് മാർ മാത്യു അറയ്ക്കൽ അദ്ധ്യക്ഷത വഹിക്കും. ഡോ.



*ഡോ.സി.പി. മാത്യു*

സി.പി. മാത്യുവിന്റെ പുസ്തകങ്ങളായ 'ആനന്ദകന്ദം', 'ഒരു ഡോക്ടറുടെ കുറിപ്പടികൾ' എന്നീ പുസ്തകങ്ങൾ ചടങ്ങിൽ വച്ച് മുൻ വൈസ് ചാൻസലർ ഡോ. വി.എൻ. രാജശേഖരൻപിള്ള പ്രകാശനം ചെയ്യും. സിദ്ധ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയും സഹ്യാദ്രി സിദ്ധ ട്രസ്റ്റും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്. കോട്ടയം മെഡിക്കൽ കോളേജിലെ വൈസ് പ്രിൻസിപ്പലായി 1983 ൽ വിരമിച്ച പ്രമുഖ ഓങ്കോളജിസ്റ്റായ ഡോ. സിപി മാത്യു പിന്നീട് കാൻസർ ചികിത്സാരംഗത്ത് സിദ്ധവൈദ്യത്തിന്റെ പ്രാധാന്യം തിരിച്ചറിയുകയായിരുന്നു. സംയോജിത ചികിത്സാരീതിയിലൂടെ നാലായിരത്തോളം കാൻസർരോഗികളെ ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരാൻ ഡോ. മാത്യുവിന് കഴിഞ്ഞിട്ടുണ്ട്. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഒക്ടോബർ 1, 2 തീയതികളിൽ അവതരിപ്പിക്കുന്ന 'പാഥേയം' പ്രോഗ്രാമിൽ ഡോ. സി.പി. മാത്യുവിന്റെ ഭിഷഗ്വരജീവിതം വിശദമാക്കും.



*ആറൻമുളയിലെ മെഡിക്കൽ ക്യാമ്പിൽ നിന്ന്*

# ആയുർവേദ-സിദ്ധ മെഡിക്കൽ ക്യാമ്പ്

**ആറൻമുള:** ചെങ്ങന്നൂരിൽ പ്രളയദുരിതത്തിൽപ്പെട്ടവർക്കായി ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് കിടങ്ങന്നൂർ എസ്.വി.ബി.വി. ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ആയുർവേദ-സിദ്ധ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. സെപ്റ്റംബർ 21, 22 തീയതികളിൽ നടന്ന ക്യാമ്പിൽ നിരവധി പേർ പങ്കെടുത്തു.

അയിരൂർ, കൊറ്റനാട്, കിടങ്ങന്നൂർ, ആറൻമുള എന്നിവിടങ്ങളിലെ വൈസ്മെൻ ക്ലബിന്റെ സഹകരണത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ ഉദ്ഘാടനം ചെയ്തു. രോഗപ്രതിരോധത്തിനുള്ള സിദ്ധ കിറ്റ് അദ്ദേഹം വിതരണം ചെയ്തു. അഷ്ടഗന്ധധൂപം, മുറിവെണ്ണ, ധന്വന്തരം മുക്കൂട്ടുകുഴമ്പ്, കറുത്തവട്ട് ഗുളിക, ശാന്തിഗിരി ജാപ്പി എന്നിവ ഉൾപ്പെട്ടതാണ് സിദ്ധ കിറ്റ്.

# ട്രെയിനിംഗ്

**കോഴിക്കോട്:** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റിന്റെ ആഭിമുഖ്യത്തിൽ ആശ്രമം ഏരിയ ഓഫീസ് സ്റ്റാഫംഗങ്ങൾക്കായി നടത്തുന്ന രണ്ടു ദിവസത്തെ ട്രെയിനിംഗ് ഈ മാസം 27, 28 തീയതികളിൽ കോഴിക്കോട് വച്ച് നടക്കും. കക്കോടി ബ്രാഞ്ചാശ്രമത്തിൽ വച്ച് നടക്കുന്ന ട്രെയിനിംഗിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ സ്റ്റാഫംഗങ്ങൾക്ക് ഡോ. കെ. ആർ.എസ്.നായർ ക്ലാസെടുക്കും.

# പൂർണ്ണ കുംഭമേള









ഗുരുചരണം ശരണം

## പ്രാർത്ഥനയോടെ

**പ്രകാശൻ പി.ജി**

**ഷീല, പ്രബീഷ്, ചന്ദ്രസേനൻ**

**ജനപ്രിയ, സുമേഷ്, സത്യരൂപൻ**

'ഗുരുപുഷ്പം'

കാഞ്ഞാംപാറ

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala